**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **06-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവിനുള്ള ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച ശിപാർശകൾ എന്തെങ്കിലും ബോർഡിന് ലഭിച്ചിട്ടുണ്ടോ; | (എ) | വൈദ്യുതിനിയമം, 2003- ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെയും താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വൈദ്യുതിനിയമം 2003-ലെ 61-ാം വകുപ്പ് അനുസരിച്ച് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് പരിഷ്കരിക്കണമെങ്കിലോ , ബില്ലിങ്ങ് രീതികളിൽ മാറ്റം വരുത്തുന്നതിനോ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. |
| (ബി) | ഉപഭോഗ സമയത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത വൈദ്യുതി നിരക്ക് ഈടാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലാണ് നിരക്കുകൾ ഈടാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പകലും രാത്രിയും വൈദ്യുതി ഉപയോഗത്തിന അനുസൃതമായി നിരക്കുകൾ നിലവിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഭേദഗത് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. സംസ്ഥാന വൈദ്യുത് റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം 20 കിലോവാട്ടോ അതിൽ കൂടുതലോ കണക്റ്റഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും ഹൈ ടെൻഷൻ എക്സ്ട്രാ ഹൈ ടെൻഷന് വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്കും (വാട്ടർ അതോറിറ്റി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പമ്പിങ് സ്റ്റേഷനുകൾ, റെയിൽവേ ട്രാക്ഷൻ എന്നിവ ഒഴികെ) പ്രതിമാസം 500 യൂണിറ്റിൽ |

കൂടുതലായി ഉപഭോഗം വന്നിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്കും ടി.ഒ.ഡി. താരിഫ പ്രകാരമാണ് ബില്ല് ചെയ്തു വരുന്നത്. ട സമ്പ്രദായത്തിൽ, മേൽ പറഞ്ഞതിൽ ഗാർഹിക ഉപഭോക്താക്കളൊഴികെ ഉള്ളവർക്ക് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ സാധാരണ നിരക്കും , തുടർന്ന് രാത്രി 10 മണി വരെയുള്ള പീക്ക് സമയത്ത് സാധാരണ നിരക്കിനെക്കാൾ 50% കൂടുതലും , തുടർന്ന് രാവിലെ 6 മണ വരെയുള്ള ഓഫ് പീക്ക് സമയത്ത് സാധാരണ നിരക്കിന്റെ 75 ശതമാനവും ആണ് ഈടാക്ക വരുന്നത്.

ടി.ഒ.ഡി. (Time of Day)സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ സാധാരണ നിരക്കും , തുടർന്ന് രാത്രി 10 മണി വരെയുള്ള പീക്ക് സമയത്ത് സാധാരണ നിരക്കിനെക്കാൾ 20% കൂടുതലും , തുടർന്ന് രാവിലെ 6 മണ വരെയുള്ള ഓഫ് പീക്ക് സമയത്ത് സാധാരണ നിരക്കിന്റെ 90 ശതമാനവും ആണ് ഈടാക്ക വരുന്നത്. എന്നാൽ ടി ശതമാന നിരക്കിലോ അടിസ്ഥാന നിരക്കുകളിലോ മാറ്റം വരുത്തുന്നതിനുള്ള ഒരു നടപടിക്രമവു സ്വീകരിച്ചിട്ടില്ല

സംസ്ഥാനത്തെ പീക്ക് സമയത്തെ അധിക വൈദ്യുതി ഉപഭോഗം പവർ എക്സ്ചേഞ്ചുകളെ ആശ്രയിച്ചാണ് നിറവേറ്റുന്നത്. പവർ എക്സ്ചേഞ്ചുകളിലെ പീക്ക് സമയം എന്നത വൈകുന്നേരം 5 മണി മുതൽ രാത്രി 11 മണ വരെയാണ്. ഈ സമയത്തെ വൈദ്യുത വാങ്ങലിന് അധിക വില നൽകേണ്ടി വരും ഇത്തരത്തിൽ ബോർഡിനുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കുന്നതിനു വേണ്ടി, ട സമയത്തെ ഉപഭോഗം പരിമിതപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള പീക്ക് സമയം (6 മുതൽ 10 വരെ) എന്നത്, 5 മുതൽ 11 മണിവരെയാക്ക മാറ്റണമെന്ന ഒരു നിർദ്ദേശം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 10.02.2022-ൽ നൽകിയ താരിഫ പെറ്റീഷനിലൂടെ കെ.എസ്.ഇ.ബി ലിമിറ്റഡ സമർപ്പിച്ചിരുന്നു. ഈ മാറ്റം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന

| | | | |
|---|---|---|---|
| | | | മുറക്ക് അനുവാദത്തിനാണ് റെഗുലേറ്റ കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃ പദ്ധതിയായ RDSS- ന്റെ ഭാഗമായി സ്മാർട്ട മീറ്റർ സ്ഥാപിക്കുന്നതിന്റെ വിശദമായ രൂപരേഖ സമർപ്പിക്കുമ്പോൾ, ടൈം സോണിലുള്ള മാറ്റത്തെ കുറിച്ച പരിശോധിക്കാമെന്നും അതുവരെ തൽസ്ഥിതി തുടരാനുമാണ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | എത്ര രൂപയുടെ വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | നിരക്കുകളിൽ വർദ്ധനവ് വരുത്തുന്നതിനുള്ള യാതൊരു വിധ നിർദ്ദേശങ്ങളും കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ